# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3294 — 09.04.2013 - ൽ മറുപടിക്ക്

## ബുദ്ധിവൈകല്യമുള്ള കുട്ടികളുടെ പ്രശ്നങ്ങൾ

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ.ഇ.ചന്ദ്രശേഖരൻ
ശ്രീ.പി.തിലോത്തമൻ
ശ്രീ.ചിറ്റയം ഗോപകുമാർ

(എ) ബുദ്ധിവൈകല്യമുള്ള കുട്ടികളുടെ പ്രശ്നങ്ങൾ സംബന്ധിച്ചുള്ള പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്; അവ അംഗീകരിച്ചിട്ടുണ്ടോ;

**ഉത്തരം**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

**(എ) & (ബി)**

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ട സ്പെഷ്യൽ ഓഫീസർ ഡോ.എം.കെ. ജയരാജ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ താഴെ പറയുന്നവയാണ്.

1. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വരുടെ വിദ്യാഭ്യാസത്തിനായി അംഗീകൃത കരിക്കുലവും സിലബസും തയ്യാറാക്കുന്നതിന് എസ്.സി.ഇ.ആർ.ടി.യെ ചുമതലപ്പെടുത്തുക.
2. കേരള വിദ്യാഭ്യാസ ചട്ടത്തിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഒരു അധ്യായമായി ചേർക്കുക.
3. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്പെഷ്യൽ സ്കൂളുകളിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമാക്കുക.
4. നിലവിൽ ബുദ്ധിമാന്ദ്യമുള്ളവരുടെ വിദ്യാഭ്യാസ പുനരധിവാസത്തിനായി സി.എച്ച്.മുഹമ്മദ് കോയ മേമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്

ഫോർ ദി മെന്റ്ലി ചലഞ്ചിഡിലെ പ്രവർത്തനങ്ങൾ, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, ശൈശവ മനോരോഗം, പഠനവൈകല്യം എന്നീ സമാനവിഷയങ്ങൾ കൂടി ഉൾപ്പെടുത്തി വിപുലപ്പെടുത്തുകയും ഈ സ്ഥാപനത്തിനു കീഴിൽ നാല് മേഖലാ കേന്ദ്രങ്ങൾ സ്ഥാപിച്ച്, ഈ വിഭാഗങ്ങൾ ക്കുള്ള വിദ്യാഭ്യാസ - പുനരധിവാസ പ്രവർത്തനങ്ങൾ വികേന്ദ്രീക രിക്കുകയും ചെയ്യുക.

5. ചില മാനദണ്ഡങ്ങൾ പാലിച്ച്, ഉന്നത നിലയിൽ പ്രവർത്തിച്ചു വരുന്ന ഏതാനും സ്ഥാപനങ്ങളെയെങ്കിലും എയ്ഡഡ് പദവിയിലേക്ക് ഉയർത്തുക.

റിപ്പോർട്ടിലെ ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്.

| | | | |
|---|---|---|---|
| (സി) | ഈ മേഖലയിൽ സംസ്ഥാനത്ത് എത്ര അൺ എയ്ഡഡ് സ്ഥാപനങ്ങൾ പ്രവർത്തി ക്കുന്നുണ്ട്; ഇത്തരം സ്ഥാപന ങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സംസ്ഥാനത്തു പൊതു വിദ്യാഭ്യാസ ഡയറക്ടർ PWD Act/Rules പ്രകാരം രജിസ്ട്രേഷൻ നൽകിയ 278 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇവയിൽ 55 സ്കൂളുകൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും ശേഷിക്കുന്നവയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചു വരുന്നു. 2012-13 സാമ്പത്തിക വർഷം 190 സ്ഥാപനങ്ങൾക്കായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ച സ്ഥാപനങ്ങൾ വിദ്യാഭ്യാസ വുകപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസരണമായാണ് പ്രവർത്തിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ